LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ മോഡൽ സ്റ്റഡി റിപ്പോർട്ട്

99 [256] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ മോഡൽ സ്റ്റഡി റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് ഏത് ഏജൻസിയാണ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് എന്നേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) റിപ്പോർട്ട് ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) പൂനയിലെ കേന്ദ്ര ജല-വൈദ്യുത ഗവേഷണകേന്ദ്രം.

(സി) പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ഈ സാമ്പത്തികവർഷം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അന്തിമ റിപ്പോർട്ട് എത്രയും വേഗം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനത്തിനുള്ള മാനദണ്ഡം

100 [257] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കിയശേഷം ബാക്കിയുള്ള സീറ്റുകളിൽ ഡേ സ്കോളേർസ് ആയി പെൺകുട്ടികൾക്കും തുടർന്ന് ഒഴിവ് വരുന്ന സീറ്റുകളിൽ ജനറൽ സീറ്റുകളായി കണക്കാക്കി മറ്റു കുട്ടികൾക്കും പ്രവേശനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ ആവശ്യത്തിൻമേൽ സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യം പരിശോധിക്കാൻ ചുമതലപ്പെടുത്തിയ ഫിഷറീസ് വകുപ്പ് അഡീഷണൽ ഡയറക്ടർ അടങ്ങിയ കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കാൻ എടുത്ത കാലയളവ്; റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ച തീയതി, കമ്മറ്റിയിലെ മറ്റംഗങ്ങൾ ആരൊക്കെ എന്നും വ്യക്തമാക്കാമോ;

(എഫ്) റിപ്പോർട്ട് നടപ്പാക്കാനുണ്ടായ കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ഫിഷറീസ് സ്കൂളുകളുടെ പ്രവർത്തനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ചിരുന്ന കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഇ) 11-6-2002-ലെ ഫിഷറീസ് ഡയറക്ടറുടെ പ്രൊസീഡിംഗ്സ് നമ്പർ എൻ 3-6500/02 പ്രകാരം കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റി 23-5-2003-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ജോയിന്റ് ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്), ഡെപ്യൂട്ടി ഡയറക്ടർ (പി.എം.ഇ.) എന്നിവരായിരുന്നു കമ്മിറ്റിയിലെ മറ്റംഗങ്ങൾ.

(എഫ്) റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

വടകര നിയോജകമണ്ഡലത്തിലെ തീരദേശ റോഡ് നിർമ്മാണംമൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

101 [258] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ തീരദേശത്ത് പുഴിത്തല മുതൽ അയിത്തലവരെ റോഡ് നിർമ്മിക്കാനുള്ള നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ നൽകുന്നതിനുള്ള തടസം നീക്കാൻ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly